LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി മണ്ഡലത്തിൽ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനും കുവ്വക്കാട്ടുകുന്നിൽ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനും നടപടി

215 (2770) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പോട്ട-കാഞ്ഞിരപ്പിള്ളി റോഡിലെയും, താണിപ്പാറ ഗ്രൗണ്ട് ലെവൽ ടാങ്ക് റോഡിലെയും, വി.ആർ.പുരത്തേയും വാട്ടർ അതോറിറ്റി വക കേടുവന്ന എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മേലൂർ-കൊരട്ടി വാട്ടർ സപ്ലൈ സ്കീമിലെ കുവ്വക്കാട്ടുകുന്നിൽ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പോട്ട-കാഞ്ഞിരപ്പിള്ളി റോഡിലെയും താണിപ്പാറ ഗ്രൗണ്ട് ലെവൽ ടാങ്ക് റോഡിലെയും വി.ആർ. പുരത്തേയും താണിപ്പാറ ഭൂതല ടാങ്ക് റോഡിലെയും കേരള വാട്ടർ അതോറിറ്റി വക കേടുവന്ന എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുവാൻ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. വി.ആർ. പുരം ഉറുമ്പൻകുന്ന് റോഡിലെ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇതിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

കടിവെള്ള പദ്ധതികളുടെ പൂർത്തീകരണം

216 (2771) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ പുതിയ കുടിവെള്ള പദ്ധതികളാണ് പണി പൂർത്തീകരിക്കാനുള്ളത് ;

(ബി) ഓരോന്നിന്റെയും പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(സി) ഓരോന്നും പ്രവർത്തനക്ഷമമാക്കുമ്പോൾ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?